പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2484 | 14.6.2019 -ൽ മറുപടിയ്ക്ക്

## ടൂറിസം രംഗത്ത് നൂതനപദ്ധതികൾ

<table>
<tr><td colspan="2">ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് :</td><td colspan="2">മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി</td></tr>
<tr><td>എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ ടൂറിസ്റ്റുകളുടെ സന്ദർശനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;</td><td>എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016, 2017, 2018 വർഷങ്ങളിൽ മുൻവർഷത്തെ അപേക്ഷിച്ച് കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><td>വർഷം</td><td>വിദേശ വിനോദ സഞ്ചാരികൾ</td><td>മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് (%)</td><td>ആഭ്യന്തര വിനോദസഞ്ചാരികൾ</td><td>മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് (%)</td></tr>
<tr><td>2016</td><td>1038419</td><td>6.23</td><td>13172535</td><td>5.67</td></tr>
<tr><td>2017</td><td>1091870</td><td>5.15</td><td>14673520</td><td>11.39</td></tr>
<tr><td>2018</td><td>1096407</td><td>0.42</td><td>15604661</td><td>6.35</td></tr>
</table></td></tr>
<tr><td>ബി)</td><td>ടൂറിസം മേഖലയിൽ കൂടുതൽ ആൾക്കാരെ ആകർഷിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?</td><td>ബി)</td><td>നിലവിലുള്ള പദ്ധതികൾ തുടരുന്നതോടൊപ്പം ഈ വർഷം മുതൽ നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ, ചാമ്പ്യൻസ് ബോട്ട് ലീഗ് എന്നീ പദ്ധതികൾ തുടങ്ങുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, കേരള ടൂറിസം വെബ്സൈറ്റിന്റെ വിപുലീകരണത്തിന്റെ ഭാഗമായി ആയുർവേദം, യോഗ,കളരി, മലബാർ എന്നിവയെ സംബന്ധിക്കുന്ന മൈക്രോസൈറ്റുകൾ തയ്യാറാക്കുന്നതിനും, ഓഫ് സീസൺ സമയത്ത് കേരള ടൂറിസം വെബ് സൈറ്റ് വഴി ടൂർ പാക്കേജുകൾ വിൽക്കുന്ന</td></tr>
</table>

| | | | |
|---|---|---|---|
| | | | പദ്ധതിക്കും, തെരെഞ്ഞെടുത്ത 30 ടൂറിസം ഡെസ്റ്റിനേഷനുകളുടെ ത്രീ ഡൈമെൻഷനൽ 360 ഡിഗ്രി വീഡിയോ കേരള ടൂറിസം വെബ് സൈറ്റ് വഴി ലഭ്യമാക്കുന്ന പദ്ധതിക്കും, കേരള ടൂറിസം മൊബൈൽ ആപ്പ് വഴി 1500 ഉൾനാടൻ ടൂറിസം ഡെസ്റ്റിനേഷനുകളുടെ ഫോട്ടോയടക്കം വിശദാംശം സഞ്ചാരികൾക്ക് ലഭ്യമാക്കുന്ന പദ്ധതിക്കും സർക്കാർ ഭരണാനുമതി നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ